തർബിയ്യത്ത്

ശൈഖ് മുഹമ്മദ് കാരകുന്ന്

# പ്രത്യാശയോടെ മുന്നോട്ട്

മൂസായെയും ഹാറൂനെയും ഫറവോന്റെ അടുത്തേക്കയച്ചത് വലിയ പ്രത്യാശവളർത്തിക്കൊണ്ടായിരുന്നുവെന്ന് അല്ലാഹു അറിയിക്കുന്നു. പ്രത്യാശ സഫലമായില്ലെന്ന് അറിയിക്കാനല്ലല്ലോ അല്ലാഹു ഈ സംഭവം ഉദ്ധരിച്ചത്. മറിച്ച് ഏതു സാഹചര്യത്തിലും നിരാശ അരുതെന്നും പ്രത്യാശ അനിവാര്യമാണെന്നും പഠിപ്പിക്കാനാണ്.

**ഖുർആനിൽ** ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ട വ്യക്തി ഫറവോനാണ്. അക്രമി, മർദകൻ, കൊലയാളി, കുഴപ്പക്കാരൻ നാശകാരി, ദിവ്യത്വം ചമഞ്ഞ ധിക്കാരി തുടങ്ങിയ നിരവധി അധിക്ഷേപ വിശേഷണങ്ങൾ അതിലുണ്ട്. കാലം കണ്ട കടുത്ത ഏകാധിപതിയും കൊടിയ കുറ്റവാളിയുമായ ഫറവോന്റെ അടുത്തേക്ക് അല്ലാഹു മൂസാ നബിയെയും സഹോദരൻ ഹാറൂൻ നബിയെയും അയച്ചു. അപ്പോൾ അല്ലാഹു അവരിലിരുവരിലും വലിയ പ്രതീക്ഷ വളർത്തി. അവരോടു പറഞ്ഞു: "നിങ്ങളവനോട് സൗമ്യമായി സംസാരിക്കുക. ഒരുവേള അവൻ ചിന്തിച്ചു മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയന്ന് അനുസരിച്ചേക്കാം" (20:44).

അങ്ങനെ ഫറവോന്റെ അടുത്തു ചെല്ലുമ്പോൾ പറയേണ്ടത് എന്തെന്നും അല്ലാഹു നിർദേശിച്ചു: "നീ ഫറവോന്റെ അടുത്തേക്കു പോവുക. അവൻ അതിക്രമിയായിരിക്കുന്നു. എന്നിട്ട് അയാളോടു ചോദിക്കുക: നീ വിശുദ്ധി വരിക്കാൻ തയാറുണ്ടോ? ഞാൻ നിന്നെ നിന്റെ നാഥനിലേക്കു വഴി നടത്താം. അങ്ങനെ നിനക്കു ദൈവഭക്തനാകാം" (79:17,18).

മൂസാനബിയും ഹാറൂൻ പ്രവാചകനും പരമാവധി ശ്രമിച്ചെങ്കിലും ഫറവോന് ഒരു മാറ്റവുമുണ്ടായില്ല. അതിനാൽ അല്ലാഹുവിന്റെ ശാപകോപങ്ങൾക്കിരയായി ഭൂമിയിൽ വെച്ചുതന്നെ കഠിനമായി ശിക്ഷിക്കപ്പെട്ടു. അല്ലാഹു അയാളെ ചെങ്കടലിൽ മുക്കിക്കൊന്നു.

പിന്നീട് നിരവധി നൂറ്റാണ്ടുകൾക്കുശേഷമാണ് ഖുർആൻ അവതീർണമായത്. എന്നിട്ടും മൂസായെയും ഹാറൂനെയും ഫറവോന്റെ അടുത്തേക്കയച്ചത് വലിയ പ്രത്യാശവളർത്തിക്കൊണ്ടായിരുന്നുവെന്ന് അല്ലാഹു അറിയിക്കുന്നു. പ്രത്യാശ സഫലമായില്ലെന്ന് അറിയിക്കാനല്ലല്ലോ അല്ലാഹു ഈ സംഭവം ഉദ്ധരിച്ചത്. മറിച്ച് ഏതു സാഹചര്യത്തിലും നിരാശ അരുതെന്നും പ്രത്യാശ അനിവാര്യമാണെന്നും പഠിപ്പിക്കാനാണ്.

ഇസ്‌ലാമിക പ്രബോധനത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ പ്രവാചകൻ വമ്പിച്ച പ്രതീക്ഷ പുലർത്തുകയും മറ്റുള്ളവരിൽ വലിയ പ്രത്യാശ വളർത്തുകയും ചെയ്തു. അക്കാലത്ത് വിരലുകളിലെണ്ണാവുന്ന അനുയായികൾ പോലും പ്രവാചകന്റെ കൂടെ ഉണ്ടായിരുന്നില്ല. ഉള്ളവർ തന്നെ നന്നെ ദുർബലരായിരുന്നു; കൊടിയ മർദനങ്ങളനുഭവിക്കുന്നവരും. എന്നിട്ടും പ്രവാചകൻ പ്രഖ്യാപിച്ചു: "നിങ്ങൾ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുക. അറബ് നിങ്ങൾക്ക് അധീനപ്പെടും. അനറബ് പ്രദേശങ്ങൾ കീഴ്‌പ്പെടുകയും ചെയ്യും" (അബൂദാവൂദ്).

അതുകൊണ്ടും അവസാനിപ്പിക്കാതെ പുലരാനിരിക്കുന്ന പുതിയ ലോകത്തിന്റെ മേന്മ ഊന്നിപ്പറഞ്ഞു. നബിതിരുമേനിയോടൊപ്പമുണ്ടായിരുന്നത് വളരെ ചെറിയ സംഘമായിരുന്നു. സ്വന്തം സമൂഹത്തിന്റെ ദൃഷ്ടിയിലവർ ധിക്കാരികളായിരുന്നു. തങ്ങളുടെ കുലദൈവങ്ങളെ ആദരിക്കാത്തവർ; വിശ്വാസ പ്രമാണങ്ങളെ ചോദ്യം ചെയ്തവർ; പാരമ്പര്യങ്ങളെ പുഛിച്ചു തള്ളിയവർ.

അതിനാൽ സമൂഹം ആ നവജാത സംഘത്തെ നശിപ്പിക്കാൻ ആവുന്നതൊക്കെ ചെയ്തു. വിശ്വാസികൾ സാധ്യമാവുന്നതിലധികം സഹിച്ചു. സഹികെട്ടപ്പോൾ ഒരിക്കൽ വിശ്വാസികളുടെ പ്രതിനിധി ഖബ്ബാബ് നബിതിരുമേനിയുടെ അടുത്തുവന്നു. പ്രവാചകൻ അപ്പോൾ കഅ്ബയുടെ തണലിൽ പുതപ്പ് തലയണയാക്കി കിടക്കുകയായിരുന്നു. ഖബ്ബാബ് ചോദിച്ചു: "ഞങ്ങൾക്കുവേണ്ടി താങ്കൾ സഹായമർഥിക്കുന്നില്ലേ?" പ്രവാചകൻ പറഞ്ഞു: "നിങ്ങൾക്കുമുമ്പ് മനുഷ്യരെ വലിയ കുഴികുഴിച്ച് അതിൽകൊണ്ടുവന്ന് നിർത്തിയിരുന്നു. എന്നിട്ട് ഈർച്ചവാൾ തലയിൽവെച്ച് കീറി രണ്ടായി പകുത്തു.

അവരുടെ എല്ലുകളും മാംസവും ഇരുമ്പു കൊണ്ടുള്ള ചീർപ്പിനാൽ ചീകി വേർപെടുത്തി. അതൊന്നും അവരെ തങ്ങളുടെ ആദർശത്തിൽ നിന്നകറ്റിയില്ല. അല്ലാഹു വാണ! ഈ കാര്യം അല്ലാഹു പൂർത്തീകരിക്കുകതന്നെ ചെയ്യും. സൻആയിൽനിന്ന് ഹദറമൗത്ത് വരെ അല്ലാഹുവിനെയും ആടിനെ വേട്ടയാടുന്ന ചെന്നായയെയുമല്ലാതെ മറ്റൊന്നിനെയും ഭയപ്പെടാതെ ഒരു യാത്രാ സംഘത്തിന് സഞ്ചരിക്കാൻ സാധിക്കുവോളം! പക്ഷേ, നിങ്ങൾ ധൃതി കാണിക്കുകയാണ്" (ബുഖാരി).

യമനിലുൾപ്പെടെ ആധിപത്യം സ്ഥാപിച്ച് ഭദ്രവും സുരക്ഷിതവും സമാധാനപൂർണവുമായ ലോകം സൃഷ്ടിക്കുമെന്ന് പ്രവാചകൻ വാഗ്ദാനം ചെയ്തത്, സ്വന്തത്തെയോ അനുയായികളെയോ രക്ഷിക്കാൻ പോലും സാധ്യമല്ലാത്ത സാഹചര്യത്തിലായിരുന്നു. അനുയായികളിൽ അദ്ദേഹം വലിയ പ്രതീക്ഷ വളർത്തി. നബി മക്കയിൽ ജീവിതം സാധ്യമാവാതെ ഹിജ്റ പോവുമ്പോഴാണ് റോമാസാമ്രാജ്യത്തിന്റെ പതനം പ്രവചിച്ച് വമ്പിച്ച പ്രതീക്ഷ വളർത്തിയത്. അതിനുമുമ്പ് മക്കയിൽ ഹജ്ജിനെത്തുന്നവരോടും അവിടുന്ന് റോമാ-പേർഷ്യൻ സാമ്രാജ്യങ്ങൾ ഇസ്‌ലാമിന് കീഴ്പ്പെടുമെന്ന് പറഞ്ഞ് അവരിൽ പ്രത്യാശ വളർത്തിയിരുന്നു.

ഹിജ്റ ആറാംവർഷം നബിതിരുമേനി ആയിരത്തി നാനൂറ് അനുയായികളോടൊപ്പം ഉംറ നിർവഹിക്കാനായി മക്കയിലേക്ക് പുറപ്പെട്ടു. ഇത് ഖുറൈശികളെ പ്രതിസന്ധിയിലാക്കി. പവിത്രമാസത്തിൽ നിരായുധരായി ഉംറ നിർവഹിക്കാൻ വരുന്നവരെ തടയുന്നതും അവരോട് യുദ്ധം ചെയ്യുന്നതും ഭാവിയിൽ തങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് അവർക്കറിയാമായിരുന്നു. അതേസമയം പ്രവാചകനെയും അനുയായികളെയും മക്കയിൽ പ്രവേശിക്കാൻ അനുവദിക്കുന്നത് അവർക്ക് അചിന്ത്യമായിരുന്നു. അവസാനം ദീർഘമായ ആലോചനകൾക്കു ശേഷം അവർ മക്കയുടെ അതിർത്തിക്ക് പുറത്തുവെച്ചു നബിതിരുമേനിയെയും അനുചരന്മാരെയും തടയാൻ തീരുമാനിച്ചു. തുടർന്നുണ്ടായ സംഭവപരമ്പരകളാണ് ചരിത്ര പ്രസിദ്ധമായ ഹുദൈബിയാ സന്ധിയിലവസാനിച്ചത്. അതിലെ വ്യവസ്ഥകൾ മുസ്‌ലിംകൾക്ക് വളരെ പ്രതികൂലമായിരുന്നു. പ്രവാചകന്റെ അടുത്ത അനുയായികളെപോലും അസ്വസ്ഥപ്പെടുത്തുമാറ് പ്രത്യക്ഷത്തിൽ മുസ്‌ലിംകൾക്ക് ദോഷകരമായിരുന്നു. എന്നാൽ യഥാർഥത്തിൽ ഇസ്‌ലാമിനും ഇസ്‌ലാമിക സമൂഹത്തിനും വലിയ നേട്ടങ്ങൾക്കത് നിമിത്തമാകുമെന്ന് അല്ലാഹുവിന്നറിയാമായിരുന്നു. പ്രവാചകനെ അല്ലാഹു അതറിയിക്കുകയും ചെയ്തു. മുസ്‌ലിംകൾ ഏറെ പ്രയാസപ്പെട്ട ഈ സാഹചര്യത്തിൽ അല്ലാഹു ഖുർആനിലൂടെ അവരിൽ വിജയബോധവും വലിയ പ്രതീക്ഷയും വളർത്തി. അല്ലാഹു അറിയിച്ചു:

"നിശ്ചയമായും നിനക്കു നാം വ്യക്തമായ വിജയം നൽകിയിരിക്കുന്നു" (ഖുർആൻ 48:1).

നിരാശ മനുഷ്യനെ നാശത്തിലേക്ക് നയിക്കുന്നു. അശുഭ ചിന്തകൾകൊണ്ട് സ്വന്തം തടവറ പണിയുന്നവർ അശാന്തരും അസ്വസ്ഥരുമായിരിക്കും. അവർ അതിവേഗം ശൂന്യതാബോധത്തിന് അടിപ്പെടുന്നു. അതോടെ ചുറ്റും ഇരുട്ടു പരക്കുന്നു. പ്രകാശ കിരണങ്ങൾ കാണാൻ കണ്ണുകൾക്ക് കഴിയാതാവുന്നു. തന്നെ തുറിച്ചുനോക്കുന്ന തിക്താനുഭവങ്ങൾ മാത്രം ശ്രദ്ധിക്കുന്നു. അതിനാൽ സദാ മനസ്സ് തപ്തവികാരങ്ങളാൽ തിളച്ചുമറിയുന്നു. നിഷ്ക്രിയത്വം ജീവിത രീതിയായി മാറുന്നു. ജീവിതത്തോട് മടുപ്പു തോന്നുന്നു.

പ്രയാസ പൂർണമായ സാഹചര്യത്തിലും പ്രത്യാശ പുലർത്തുന്നവർ മഹാഭാഗ്യവാന്മാരാണ്. എല്ലാ പാതിരാവുകൾക്കു ശേഷവും പ്രഭാതം പൊട്ടിവിടരുന്നപോലെ, വിഷമസന്ധികളെ സുഖാവസ്ഥകൾ അനുഗമിക്കുമെന്ന് അവരാശ്വസിക്കുന്നു. എത്ര കടുത്ത പ്രതിസന്ധികളെയും തികഞ്ഞ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കുന്നു. നഷ്ട സൗഭാഗ്യങ്ങളോർത്ത് വിലപിക്കുന്നതിനു പകരം പുതിയ വിജയങ്ങൾക്കുള്ള വഴികൾ തേടുന്നു.

വ്യക്തിപരവും കുടുംബപരവും ഇസ്‌ലാമികവും പ്രാസ്ഥാനികവുമായ ഏതു പ്രശ്നത്തെയും അഭിമുഖീകരിക്കേണ്ടത് തികഞ്ഞ പ്രത്യാശയോടെയാണ്. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതും പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതും നല്ല പ്രതീക്ഷയോടെയാണ്. അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുന്ന ഏതൊരാളും ഒരു സാഹചര്യത്തിലും നിരാശനാവുകയില്ല; ആകാവതുമല്ല. ശുഭാപ്തി വിശ്വാസികൾക്കു മാത്രമേ മഹദ് കൃത്യങ്ങളിലും സാഹസിക സംരംഭങ്ങളിലും ഏർപ്പെടാൻ സാധിക്കുകയുള്ളൂ. ധീരമായ തീരുമാനങ്ങളെടുക്കാൻ കഴിയുന്നവരും അവർ തന്നെ. ■